പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം.1353

03/12/2019 ൽ
മറുപടിയ്ക്ക്

## ഹയർസെക്കന്ററി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന നടപടി

**ചോദ്യം**
ശ്രീ.സി.ദിവാകരൻ

(എ) 2017-18-ലെ ബഡ്ജറ്റിൽ ഹയർസെക്കന്ററി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപ അനുവദിച്ച എല്ലാ സ്കൂളുകൾക്കും പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇനിയും ഭരണാനുമതി നൽകാനുള്ള സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ ?

**മറുപടി**
പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & (ബി) 2017-18-ലെ ബഡ്ജറ്റിൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ 27 സ്കൂളുകളുടെ ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

മൂന്നു കോടി കിഫ്ബി പദ്ധതി നിർമ്മാണത്തിലുൾപ്പെട്ട 229 (ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി) സ്കൂളുകളിൽ 186 സ്കൂളുകൾക്ക് ഭരണാനുമതിയും കിഫ്ബിയുടെ അനുമതിയും ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 16 സ്കൂളുകളിൽ 12 സ്കൂളുകൾ 5 കോടി രൂപ കിഫ്ബി നിർമ്മാണത്തിലുൾപ്പെട്ടതായതിനാൽ പകരം സ്കൂൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 3 സ്കൂളുകൾക്ക് നിർമ്മാണത്തിന് സ്ഥലം ഇല്ലാത്ത സാഹചര്യവും ആറന്മുള നിയോജക മണ്ഡലത്തിൽ പകരം സ്കൂൾ കണ്ടെത്താത്ത സാഹചര്യവും നിലവിലുണ്ട്.

Namitha
സെക്ഷൻ ഓഫീസർ